NO TO DRUGS

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം. ഷാനവാസ്.എസ് ഐ എ എസ് )**

വിഷയം:- പൊതുവിദ്യാഭ്യാസം -സ്കൂൾ ഉച്ചഭക്ഷണ പദ്ധതി- ഫോമുകൾ, സ്റ്റേഷനറി, സോപ്പ്, പ്ലേറ്റ്, ഗ്ലാസ്, ചവിട്ടി തുടങ്ങിയ സാമഗ്രികൾ വാങ്ങുന്നതിനായി എം.എം.ഇ മാർഗനിർദേശങ്ങൾ പ്രകാരം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്:

പരാമർശം:- 1. 21/06/2010 തീയതിയിലെ കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയത്തിൽ നിന്നുള്ള F1-15/2009/Desk(MDM) നമ്പർ കത്ത്.

2. കേന്ദ്ര സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പിന്റെ 22-04-2024 ലെ പി.എ.ബി പി.എം.പോഷൺ മിനിട്ട്സ്

**ഉത്തരവ് നമ്പർ DGE/10160/2024-NM(A2) തീയതി : 12-06-2024**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം ഉച്ചഭക്ഷണ പദ്ധതിയുടെ റിക്കറിംഗ് വിഭാഗത്തിൽ അനുവദിക്കുന്ന തുകയുടെ നിശ്ചിത ശതമാനം ഉച്ചഭക്ഷണ പദ്ധതിയുടെ മാനേജ്മെന്റ് മോണിറ്ററിംഗ് ഇവാല്യൂവേഷൻ (എം.എം.ഇ) ആവശ്യങ്ങൾക്കായി ഉപയോഗിക്കാമെന്ന് പരാമർശം (1) ലെ (എം.എം.ഇ) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഉത്തരവായിട്ടുണ്ട്. എം.എം.ഇമാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂളുകളിലേയ്ക്ക് ഫോമുകൾ, സ്റ്റേഷനറി, സോപ്പ്, പ്ലേറ്റ്, ഗ്ലാസ്, ചവിട്ടി തുടങ്ങിയ സാമഗ്രികൾ വാങ്ങുന്നതിനായി 2023-24 സാമ്പത്തിക വർഷത്തേക്ക് കേന്ദ്രം അനുവദിച്ചിരുന്ന എം.എം.ഇ ഫണ്ടിലെ തുക വിനിയോഗിച്ചുകൊണ്ട് ചുവടെ പരാമർശിക്കും വിധം ഫീഡിംഗ് സ്ട്രെങ്ങ്ത്തിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ സാധിക്കുന്നതാണെന്നും ആയതിലേയ്ക്കായി ആകെ 1,71,67,000/- രൂപ ( ഒരു കോടി എഴുപത്തിയൊന്നു ലക്ഷത്തി അറുപത്തി ഏഴായിരം രൂപാ മാത്രം) ചെലവ് വരും എന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഫീഡിംഗ് സ്ട്രെങ്ങ്ത് | അനുവദിക്കാവുന്ന തുക |
|---|---|---|
| 1 | 150 കുട്ടികൾ വരെ | 1000/- |
| 2 | 151 മുതൽ 250 കുട്ടികൾ വരെ | 1500/- |
| 3 | 251 മുതൽ 500 കുട്ടികൾ വരെ | 2000/- |
| 4 | 500 നു മുകളിൽ | 2500/- |

ഇത്തരത്തിൽ എം.എം.ഇ ഇനത്തിൽ നിന്നും സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ 1,71,67,000/- രൂപ ( ഒരു കോടി എഴുപത്തിയൊന്നു ലക്ഷത്തി അറുപത്തി ഏഴായിരം രൂപാ മാത്രം) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിൽ നിന്നും അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു. ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം അനുവദനീയമായ

തുക വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ട്രാൻസ്ഫർ ലിമിറ്റായി സെറ്റ് ചെയ്യുന്നതിനുള്ള നടപടി എൻ.എം.(എ3) സെക്ഷൻ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | വിദ്യാഭ്യാസ ഉപ ഡയറക്ടർ | അനുവദിക്കപ്പെടുന്ന തുക (രൂപ) |
|---|---|---|
| 1. | **തിരുവനന്തപുരം** | 13,13,500 |
| 2. | **കൊല്ലം** | 11,90,000 |
| 3. | **പത്തനംതിട്ട** | 7,54,000 |
| 4. | **ആലപ്പുഴ** | 9,75,000 |
| 5. | **കോട്ടയം** | 10,66,500 |
| 6. | **ഇടുക്കി** | 5,95,500 |
| 7. | **എറണാകുളം** | 12,84,500 |
| 8. | **തൃശ്ശൂർ** | 13,96,500 |
| 9. | **പാലക്കാട്** | 14,07,000 |
| 10. | **മലപ്പുറം** | 25,00,500 |
| 11. | **കോഴിക്കോട്** | 17,50,000 |

| | | |
|---|---|---|
| | | |
| 12. | വയനാട് | 4,59,500 |
| 13. | കണ്ണൂർ | 16,93,500 |
| 14. | കാസർഗോഡ് | 7,81,000 |
| ആകെ | | 1,71,67,000 |

വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇതോടൊപ്പം അനുബന്ധം 1 ആയി ചേർത്തിട്ടുള്ള പട്ടിക പ്രകാരം അനുവദനീയമായ തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ട്രാൻസ്ഫർ ലിമിറ്റായി സെറ്റ് ചെയ്ത് നൽകേണ്ടതും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അനുബന്ധം 2 പട്ടിക പ്രകാരം അനുവദനീയമായ തുക എം.എം.ഇ ഇനത്തിൽ ഉൾപ്പെടുത്തി സ്കൂളുകളുടെ എക്സ്പെൻഡീച്ചർ ലിമിറ്റായി സെറ്റ് ചെയ്ത് നൽകേണ്ടതുമാണ്. ഇത്തരത്തിൽ അനുവദിക്കുന്ന തുക ജൂൺ 30 നു മുൻപായി വിനിയോഗിക്കുന്നതിനുള്ള കർശന നിർദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ പ്രഥമാധ്യാപകർക്ക് നൽകേണ്ടതും തുക പൂർണ്ണമായും വിനിയോഗിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതുമാണ് ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം തുക തിരിച്ചെടുക്കുന്നതിനുള്ള നടപടി ഉപജില്ലാ തലത്തിൽ നിന്നും സ്വീകരിക്കേണ്ടതാണ്.തുക ചിലവാക്കിയത് സംബന്ധിച്ച ധനവിനിയോഗ പത്രം ബന്ധപ്പെട്ട ഉപഡയറക്ടർമാർ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്

Signed by
Shanavas S
Date: 12-06-2024 12:12:09

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
3.സീനിയർ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് (നൂൺമീൽ)
4. എൻ.എം(എ3) സെക്ഷൻ